**HADIA CSE Khutba Notes (03.01.2020)**

**2019 ലേക്ക് തിരിഞ്ഞുനോക്കുമ്പോൾ**

ആത്മപരിശോധനയും സ്വയം വിമർശനവും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അനിവാര്യമാണല്ലോ.

**يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ (الحشر)**

അങ്ങനെയെങ്കിൽ കഴിഞ്ഞുപോയ വർഷം എങ്ങനെ ഉണ്ടായിരുന്നെന്ന് നമുക്കൊന്ന് പരിശോധിക്കാം. തിരിഞ്ഞു നോക്കുമ്പോൾ ഒരുപക്ഷേ, ഏറ്റവും ആദ്യമായി നമുക്ക് കാണാൻ കഴിയുക നമ്മുടെ ജീവിതത്തിൽ ഇക്കഴിഞ്ഞ 2019 ൽ ഉണ്ടായ നിരവധി നേട്ടങ്ങളാവാം; ഒന്നിരിക്കൽ ഹജ്ജിനോ ഉംറക്കോ പോകാൻ കഴിഞ്ഞത്, മക്കളുടെ വിവാഹം നടത്താൻ സാധിച്ചത്, സാമ്പത്തിക അഭിവൃദ്ധി നേടിയത്, സ്വന്തം വീട്ടിലേക്ക് താമസം മാറാൻ ഭാഗ്യം കിട്ടിയത്. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ നാം ചെയ്യേണ്ടതെന്താണ്? എല്ലാം അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് ഉണ്ടായതാണെന്ന് തിരിച്ചറിഞ്ഞ് അവന് നന്ദി ചെയ്യുക. നന്ദി ചെയ്യുന്ന പക്ഷം ഇതിനെക്കാൾ നല്ല അനുഗ്രഹങ്ങൾ 2020 ൽ ഉണ്ടാവുമെന്ന് തീർച്ചയാണ്. കാരണം നന്ദി കാണിച്ചാൽ അനുഗ്രഹങ്ങൾ വർധിപ്പിച്ച് നൽകുമെന്ന് അല്ലാഹു ഉറപ്പ് നൽകിയിട്ടുള്ളതാണല്ലോ (ഇബ്റാഹീം 7).

**عن أنس قال: أتى النبي صلى الله عليه وسلم سائل فأمر له بتمرة فلم يأخذها -أو: وحش بها - قال: وأتاه آخر فأمر له بتمرة، فقال: سبحان الله! تمرة من رسول الله صلى الله عليه وسلم. فقال للجارية: "اذهبي إلى أم سلمة، فأعطيه (اي السائلَ) الأربعين درهما التي عندها" (احمد)**

ഇനി തിരിഞ്ഞ് നോക്കുമ്പോൾ ചിലപ്പോൾ നമ്മിൽനിന്ന് സംഭവിച്ച ചില തെറ്റുകളോ പാപങ്ങളോ ആയിരിക്കും നമ്മുടെ മുന്നിൽ തെളിഞ്ഞു വരിക. സാരമില്ല. കാരണം തെറ്റ് സംഭവിക്കുന്നത് മനുഷ്യസഹജമാണ്. മറിച്ച്, നമ്മൾ ചെയ്യേണ്ടത് എത്രയും വേഗം പശ്ചാതപിക്കലാണ്.

**عَنْ أَبِي ذَرٍّ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا يَرْوِي عَنْ رَبِّهِ عَزَّ وَجَلَّ إِنِّي حَرَّمْتُ عَلَى نَفْسِي الظُّلْمَ وَعَلَى عِبَادِي أَلَا فَلَا تَظَالَمُوا كُلُّ بَنِي آدَمَ يُخْطِئُ بِاللَّيْلِ وَالنَّهَارِ ثُمَّ يَسْتَغْفِرُنِي فَأَغْفِرُ لَهُ وَلَا أُبَالِي وَقَالَ يَا بَنِي آدَمَ كُلُّكُمْ كَانَ ضَالًّا إِلَّا مَنْ هَدَيْتُ وَكُلُّكُمْ كَانَ عَارِيًا إِلَّا مَنْ كَسَوْتُ وَكُلُّكُمْ كَانَ جَائِعًا إِلَّا مَنْ أَطْعَمْتُ (احمد)**

**{ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنْفُسَهُمْ ذَكَرُوا اللهَ فَاسْتَغْفَرُوا لِذُنُوبِهِمْ } ولم يُصرُّوا عليها ، فدلَّ على أنَّ المتقين قد يَقَعُ منهم أحياناً كبائر وهي الفواحش ، وصغائر وهي ظُلمُ النفس ، لكنَّهم لا يُصرُّون عليها ، بل يذكرون الله عَقِبَ وقوعها ، ويستغفرونه ويتوبون إليه منها ، والتوبة : هي تركُ الإصرار على الذنب (جامع العلوم والحكم)**

**عَنْ أَبِي هُرَيْرَةَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّ رَجُلًا أَذْنَبَ ذَنْبًا فَقَالَ رَبِّ إِنِّي أَذْنَبْتُ ذَنْبًا أَوْ قَالَ عَمِلْتُ عَمَلًا ذَنْبًا فَاغْفِرْهُ فَقَالَ عَزَّ وَجَلَّ عَبْدِي عَمِلَ ذَنْبًا فَعَلِمَ أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ قَدْ غَفَرْتُ لِعَبْدِي ثُمَّ عَمِلَ ذَنْبًا آخَرَ أَوْ أَذْنَبَ ذَنْبًا آخَرَ فَقَالَ رَبِّ إِنِّي عَمِلْتُ ذَنْبًا فَاغْفِرْهُ فَقَالَ تَبَارَكَ وَتَعَالَى عَلِمَ عَبْدِي أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ قَدْ غَفَرْتُ لِعَبْدِي ثُمَّ عَمِلَ ذَنْبًا آخَرَ أَوْ أَذْنَبَ ذَنْبًا آخَرَ فَقَالَ رَبِّ إِنِّي عَمِلْتُ ذَنْبًا فَاغْفِرْهُ فَقَالَ عَلِمَ عَبْدِي أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ قَدْ غَفَرْتُ لِعَبْدِي فَلْيَعْمَلْ مَا شَاءَ (احمد)**

**HADIA CSE Khutba Notes (03.01.2020)**

**2019 ലേക്ക് തിരിഞ്ഞുനോക്കുമ്പോൾ**

**عن عُقْبَةَ بن عَامِرٍ أَنَّ رَجُلا أتى رَسُولَ اللَّهِ صلى اللَّهُ عليه وسلم فقال يا رَسُولَ اللَّهِ أَحَدُنَا يُذْنِبُ قال يُكْتَبُ عليه ثُمَّ قال ثُمَّ يَسْتَغْفِرُ منه وَيَتُوبُ قال يُغْفَرُ له ويتاب ويثاب عليه وَلا يَمَلُّ اللَّهُ حتى تَمَلُّوا (طبراني)**

**عَنْ عَائِشَةَ، قَالَتْ: جَاءَ جُبَيْرُ بْنُ الْحَارِثِ إِلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَقَالَ: يَا رَسُولَ اللهِ، إِنِّي رَجُلٌ مِقْرَافُ الذُّنُوبِ، إِنِّي أَتُوبُ ثُمَّ أَعُودُ، ثُمَّ أَتُوبُ ثُمَّ أَعُودُ ؟، قَالَ: " يَا جُبَيْرُ عَفْوُ اللهِ أَكْثَرُ مِنْ ذُنُوبِكَ (شعب الايمان)**

**عَنْ عَلِيٍّ، رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: " خِيَارُكُمْ كُلُّ مُفْتَنٍ تَوَّابٌ " (شعب الايمان)**

യമനിലേക്ക് പറഞ്ഞയക്കുമ്പോൾ പ്രവാചകൻ (സ്വ) മുആദിന് കൊടുത്ത ഉപദേശങ്ങളിൽ ഇങ്ങനെ കാണാം:

**واذكرِ الله - عز وجل - عند كلِّ شجرةٍ وحجر، وإن أحدثت ذنباً، فأحدث عنده توبة، إنْ سرّاً فسر، وإنْ علانيةً فعلانية.**

ഇനി തെറ്റുകളുടെ കൂട്ടത്തിൽ മറ്റുള്ളവരെ ദ്രോഹിച്ചതോ ശകാരിച്ചതോ ഏഷണി-പരദൂഷണം പറഞ്ഞതോ ആയ വല്ലതും ഉണ്ടെങ്കിൽ അത് ഇപ്പോൾ തന്നെ ബന്ധപ്പെട്ടവരെ കണ്ട് പൊരുത്തപ്പെടുവിക്കുക. ഒരിക്കലും നാളേക്കോ പരലോകത്തേക്കോ നീട്ടി വക്കരുത്. അത് അപകടകരമാണ്. പ്രവാചകൻ (സ്വ) പറയുന്നത് നോക്കുക.

**عَنْ أَبِى هُرَيْرَةَ أَنَّ رَسُولَ اللَّهِ - صلى الله عليه وسلم - قَالَ « مَنْ كَانَتْ عِنْدَهُ مَظْلَمَةٌ لأَخِيهِ فَلْيَتَحَلَّلْهُ مِنْهَا ، فَإِنَّهُ لَيْسَ ثَمَّ دِينَارٌ وَلاَ دِرْهَمٌ مِنْ قَبْلِ أَنْ يُؤْخَذَ لأَخِيهِ مِنْ حَسَنَاتِهِ ، فَإِنْ لَمْ يَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ أَخِيهِ ، فَطُرِحَتْ عَلَيْهِ (بخاري)**

**أَنَّ رَسُولَ اللَّهِ عَلَيْهِ السَّلامُ ، قَالَ : يَأْتِي الْعَبْدُ يَوْمَ الْقِيَامَةِ فَيَكُونُ لَهُ مِنَ الْحَسَنَاتِ أَمْثَالُ الْجِبَالِ ، فَيُدْعَى : مَنْ كَانَ لَهُ حَقٌّ فَلْيَأْتِ يَأْخُذْهُ ، فَمَا يَزَالُ يُؤْخَذُ مِنْ حَسَنَاتِهِ حَتَّى لا تَبْقَى لَهُ إِلا لا إِلَهَ إِلا اللَّهُ (الجامع لابن وهب)**

സാക്ഷാൽ പ്രവാചകൻ (സ്വ) തന്നെ ഇപ്രകാരം സ്വഹാബത്തിൽ നിന്ന് പൊരുത്തം വാങ്ങിയ നിരവധി ചരിത്രങ്ങളുണ്ടല്ലോ!

**عَنْ عَبْدِ اللَّهِ بْنِ جُبَيْرٍ الْخُزَاعِيِّ قَالَ : طَعَنَ رَسُولُ اللَّهِ صلى الله عليه وسلم رَجُلا فِي بَطْنِهِ ، إِمَّا بِقَضِيبٍ ، وَإِمَّا بِسِوَاكٍ ، فَقَالَ : أَوْجَعْتَنِي فَأَقِدْنِي ، فَأَعْطَاهُ الْعُودَ الَّذِي كَانَ مَعَهُ ، ثُمَّ قَالَ : اسْتَقِدْ ، فَقَبَّلَ بَطْنَهُ ، ثُمَّ قَالَ : أَعْفُو عَنْكَ ، لَعَلَّكَ تَشْفَعُ بِهَا لِي يَوْمَ الْقِيَامَةِ.**

ഇനി അല്ലാഹുവിന് വേണ്ടി ചെയ്തു തീർക്കേണ്ട വല്ല ബാധ്യതയുമാണ് (നഷ്ടപ്പെട്ട നിസ്കാരം, നോമ്പ്, കൊടുത്ത് വീട്ടാത്ത സകാത്തുകൾ) പാപങ്ങളായി അവശേഷിക്കുന്നതെങ്കിൽ എത്രയും പെട്ടെന്ന് അവ ഖളാ വീട്ടുക. പിന്നെ ചെയ്യാം എന്ന് വിചാരിക്കരുത്. ഇമാം ഹസനുൽ ബസ്വരി (റ) പറയുന്നു:

**بادر أجلك ولا تقل غدًا غداً فإنك لا تدري متى تصير إلى الله**

വിശിഷ്യാ, പൊടുന്നനെ ഉള്ള മരണങ്ങൾ വർധിക്കുകയും നമ്മുടെ ചുറ്റുവട്ടങ്ങളിൽ അതൊരു നിത്യസംഭവമായി മാറുകയും ചെയ്ത ഇക്കാലത്ത് നമ്മുടെ മരണവും എപ്പോഴും നാം പ്രതീക്ഷിക്കണം. കൂട്ടത്തിൽ പറയട്ടെ, ഇത്തരം മരണങ്ങളിൽ നിന്ന് പ്രവാചകൻ (സ) എപ്പോഴും അല്ലാഹുവിനോട് കാവൽ ചോദിക്കാറുണ്ടായിരുന്നു.

**HADIA CSE Khutba Notes (03.01.2020)**

**2019 ലേക്ക് തിരിഞ്ഞുനോക്കുമ്പോൾ**

**عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِي أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ اسْتَعَاذَ مِنْ سَبْعِ مَوْتَاتٍ مَوْتِ الْفَجْأَةِ وَمِنْ لَدْغِ الْحَيَّةِ وَمِنْ السَّبُعِ وَمِنْ الْحَرَقِ وَمِنْ الْغَرَقِ وَمِنْ أَنْ يَخِرَّ عَلَى شَيْءٍ أَوْ يَخِرَّ عَلَيْهِ شَيْءٌ وَمِنْ الْقَتْلِ عِنْدَ فِرَارِ الزَّحْفِ (احمد)**

ചുരുക്കത്തിൽ വളരെ പ്രത്യാശയോടെ തന്നെ പുതുവർഷത്തെ നാം വരവേൽക്കുക. കാരണം ഏത് പ്രതിസന്ധികൾക്കകത്തും ചില പ്രതീക്ഷകൾ ഒളിഞ്ഞിരിക്കുന്നുണ്ടല്ലോ!

**قد يُغلق الله بابا انت تامله**

**بغلقه سوف باب سوف ينفتح**

**فاصبر قليلا وكن بالله ذا ثقة**

**ان الصدور بحسن الظن تنشرح**

**لا تُبدِ حزنا فانّ العسريتبعه**

**يسران فابهج و خلّ الحزن ينتزح**


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**